(ഇ) ഈ വ്യവസ്ഥകൾ പ്രകാരം എത്ര എയ്ഡഡ് സ്കൂളുകളിലെ എത്ര ബാച്ചുകൾക്ക് അംഗീകാരത്തിനർഹതയുണ്ട്;

(എഫ്) അർഹതയുള്ള ബാച്ചുകളിലെല്ലാം കൂടി എത്ര തസ്തികകൾക്ക് അനുമതിയുണ്ട്; അവയിൽ എത്രയെണ്ണത്തിന് അംഗീകാരം നൽകിയിട്ടുണ്ട്;

(ജി) ഇതിനായി എത്ര തുക ചെലവ് വരും എന്നാണ് കണക്കാക്കിയിട്ടുള്ളത്?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അൺ-എയ്ഡഡ് വിദ്യാലയങ്ങൾക്ക് എയ്ഡഡ് പദവി

35(1086) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അൺ എയ്ഡഡ് വിദ്യാലയങ്ങൾക്ക് എയ്ഡഡ് പദവി നല്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഏതൊക്കെ വിദ്യാലയങ്ങൾക്കാണ് എയ്ഡഡ് പദവി നല്കിയതെന്നും ഈ വിദ്യാലയങ്ങളിൽ എത്ര അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ;

(സി) മുൻകാല പ്രാബല്യത്തോടെ സ്കൂളുകൾക്ക് എയ്ഡഡ് പദവി നല്കിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഇതിലൂടെ ഒരു വർഷം എത്ര രൂപയുടെ ബാധ്യതയുണ്ടാകുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

വികസന പദ്ധതികൾ

36(1087) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2015-16 വർഷത്തിലെ ബഡ്ജറ്റിൽ വിദ്യാഭ്യാസ വകുപ്പിൽ വിവിധ വികസന പദ്ധതികൾക്കായി ഓരോ ഹെഡ്ഡിലും വകയിരുത്തിയ തുക എത്രയെന്നും 31-1-2016 വരെ ചെലവഴിച്ച തുക എത്രയെന്നും വിശദീകരിക്കാമോ ?

ഉത്തരം

പൊതുവിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.* ഉന്നത വിദ്യാഭ്യാസ വകുപ്പിനെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ചു നൽകുന്നതാണ്.

---

* ലൈബറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly